Class No. : ....................................

Name : ....................................

**2036**

**SECOND YEAR HIGHER SECONDARY**
**SECOND TERMINAL EXAMINATION, DECEMBER-2022**

Part – III

Time : 2½ Hours

# POLITICAL SCIENCE

Cool-off time : 15 Minutes

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

1 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക. (16)

1. 1969-ലെ പിളർപ്പിനെത്തുടർന്ന് ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പാർട്ടി അറിയപ്പെട്ടിരുന്നത്

(a) കോൺഗ്രസ് (O) (b) കോൺഗ്രസ് (R)

(c) കോൺഗ്രസ് (S) (d) കേരള കോൺഗ്രസ് (1)

2. ചൈനീസ് സമ്പദ് വ്യവസ്ഥയെ പുനർ നിർമ്മിക്കുന്നതിനു വേണ്ടി 1978 ൽ പ്രഖ്യാപിച്ച നയം ഏത്

(a) നാല് നവീകരണങ്ങൾ (b) ഗ്ലാസ്റ്റ്നോസ്റ്റ്

(c) തുറന്ന വാതിൽ നയം (d) അജണ്ട-21 (1)

3. ചുവടെ തന്നിരിക്കുന്നവയിൽ Article 352 അനുസരിച്ച് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള ഭരണഘടനാപരമായ കാരണം ഏത്?

(a) രാഷ്ട്ര സുരക്ഷ വൈദേശിക ആക്രമണമോ സായുധകലാപമോ നേരിടേണ്ടി വരുമ്പോൾ

(b) ഭരണഘടനാ വ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെടുമ്പോൾ

(c) രാഷ്ട്രം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ.

(d) ഭരണകക്ഷിക്ക് ലോക്സഭയിൽ ഭൂരിപക്ഷം നഷ്ടപ്പെടുമ്പോൾ (1)

4. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിന് ശുപാർശ ചെയ്ത കമ്മിഷൻ ഏത്? (1)

5. മിസോ നാഷണൽ ഫ്രണ്ടിന്റെ നേതാവ് ആരെന്ന് കണ്ടെത്തുക. (1)

6. അടിയന്തിരാവസ്ഥ കാലത്തെ പരാതികളെക്കുറിച്ച് അന്വേഷിക്കുന്നതിന് ജനത ഗവൺമെന്റ് നിയമിച്ച കമ്മിഷൻ ഏതെന്ന് കണ്ടെത്തുക.

(a) നാനാവതി കമ്മിഷൻ (b) ശ്രീകൃഷ്ണ കമ്മിഷൻ

(c) അടിയാന്തിരാവസ്ഥാ കമ്മിഷൻ (d) ഷാ കമ്മിഷൻ (1)

7. ചുവടെ നൽകിയിരിക്കുന്ന മുദ്രാവാക്യങ്ങൾ ഉയർത്തിയ നേതാക്കളെ കണ്ടെത്തുക :

(a) ജയ് ജവാൻ ജയ് കിസാൻ

(b) ഗരിബി ഹഠാവോ (2)

8. യൂറോപ്യൻ യൂണിയന്റെ രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. ഇവയെ കാലഗണനാക്രമത്തിൽ ക്രമപ്പെടുത്തി എഴുതുക.

- യൂറോപ്യൻ എക്കണോമിക് കമ്യൂണിറ്റി
- യൂറോപ്യൻ യൂണിയൻ
- ഓർഗനൈസേഷൻ ഫോർ യൂറോപ്യൻ എക്കണോമിക് കോ-ഓപ്പറേഷൻ
- കൗൺസിൽ ഓഫ് യൂറോപ്പ്. (2)

9. ചുവടെ നൽകിയിരിക്കുന്നവയുടെ പൂർണ്ണരൂപമെഴുതുക :

(a) CTBT
(b) NATO (2)

10. ചേരുംപടി ചേർക്കുക :

| A | B |
|---|---|
| ഓപ്പറേഷൻ ഡസർട്ട് സ്റ്റോം | 9/11 നു ശേഷം ഉള്ള ഭീകരതക്കെതിരായ ആഗോളയുദ്ധം |
| ഓപ്പറേഷൻ ഇൻഫിനിറ്റ് റീച്ച് | ഒന്നാം ഗൾഫ് യുദ്ധം |
| ഓപ്പറേഷൻ എൻഡ്യൂറിംഗ് ഫ്രീഡം | ഇറാഖിലെ അമേരിക്കൻ (യു.എസ്.) അധിനിവേശം |
| ഓപ്പറേഷൻ ഇറാഖി ഫ്രീഡം | സുഡാനിലേയും അഫ്ഗാനിസ്ഥാനിലെയും അൽഖ്വയ്ദക്കെതിരായ മിസൈൽ ആക്രമണം. |

(4)

11. ചില ജനകീയ പ്രസ്ഥാനങ്ങൾ ചുവടെ നൽകിയിരിക്കുന്നു. ബ്രാക്കറ്റിൽ നൽകിയിട്ടുള്ള സ്ഥലങ്ങൾ ഉപയോഗിച്ച് ശരിയായി ക്രമപ്പെടുത്തുക.

(മഹാരാഷ്ട്ര, ഉത്തർ പ്രദേശ്, ഉത്തരാഖണ്ഡ്, ആന്ധ്രാ പ്രദേശ്)

| | |
|---|---|
| ചിപ്കോ പ്രസ്ഥാനം | • |
| ചാരായ വിരുദ്ധ പ്രസ്ഥാനം | • |
| ഭാരതീയ കിസാൻ യൂണിയൻ | • |
| ദളിത് പാന്തേഴ്സ് | • |

(4)

12 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. (4 × 3 = 12)

12. ജനത ഗവൺമെന്റിന്റെ പരാജയത്തിനുള്ള കാരണങ്ങൾ ചുരുക്കി വിശദീകരിക്കുക.

13. നെഹ്റുവിന്റെ വിദേശനയത്തിന്റെ ലക്ഷ്യങ്ങൾ കണ്ടെത്തി എഴുതുക.

14. ആസിയാന്റെ മൂന്ന് സ്തംഭങ്ങൾ എതൊക്കെയെന്ന് കണ്ടെത്തുക.

15. അമേരിക്കൻ ആധിപത്യത്തെ നിയന്ത്രിക്കാൻ കഴിയുന്ന ആന്തരികവും ബാഹ്യവുമായ ഘടകങ്ങളുണ്ട്. അമേരിക്കൻ ആധിപത്യത്തിനു മേലുള്ള നിയന്ത്രണങ്ങളെക്കുറിച്ച് വിലയിരുത്തുക.

16. ആദ്യ മൂന്ന് പൊതു തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പാർട്ടിക്കുണ്ടായ ആധിപത്യത്തിനുള്ള കാരണങ്ങൾ ചുരുക്കി വിവരിക്കുക.

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

17. പ്രാദേശിക അഭിലാഷങ്ങൾ നൽകുന്ന ഏതെങ്കിലും നാല് പാഠങ്ങൾ എഴുതുക.

18. അമേരിക്കൻ ആധിപത്യത്തിന് ഒരു ബദൽ അധികാര കേന്ദ്രമായി യൂറോപ്യൻ യൂണിയനെ കരുതുന്നു. അതിന്റെ സാമ്പത്തികവും സൈനികവുമായ സ്വാധീനത്തെക്കുറിച്ച് വിവരിക്കുക.

19. 1969-ൽ കോൺഗ്രസ് പാർട്ടിയിൽ പിളർപ്പ് ഉണ്ടാകാനുള്ള കാരണങ്ങൾ വിശദീകരിക്കുക.

20. നമ്മുടെ രാജ്യത്തെ ശ്രദ്ധിക്കപ്പെട്ട പരിസ്ഥിതി പ്രസ്ഥാനങ്ങളിൽ ഒന്നാണ് ചിപ്കോ പ്രസ്ഥാനം. ചിപ്കോ പ്രസ്ഥാനത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

21. 1975-ലെ ദേശീയ അടിയന്തിരാവസ്ഥയുടെ പ്രത്യാഘാതങ്ങളെകുറിച്ച് വിശദീകരിക്കുക.

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(4 × 5 = 20)**

22. ചൈനയെ അധികാരത്തിന്റെ ബദൽ കേന്ദ്രമായി കണക്കാക്കുന്നു. ചൈനയുടെ വളർച്ചയെ ക്കുറിച്ച് വിവരിക്കുക.

23. സ്വതന്ത്ര പാർട്ടിയുടെ പ്രത്യയശാസ്ത്രങ്ങളെക്കുറിച്ച് വിവരിക്കുക.

24. ദളിത് പാന്തേഴ്സിന്റെ ഉത്ഭവം, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് വിവരിക്കുക.

25. നമ്മുടെ രാഷ്ട്രീയത്തിൽ ദീർഘകാലം സ്വാധീനം ചെലുത്തിയ അഞ്ച് സംഭവവികാസങ്ങൾ 1989 നു ശേഷം ഇന്ത്യ സാക്ഷ്യം വഹിച്ചു. അവയെക്കുറിച്ച് വിശദീകരിക്കുക.

26. 1971-ലെ ബംഗ്ലാദേശ് യുദ്ധത്തിന്റെ (ഇന്ത്യാ-പാക് യുദ്ധം) കാരണങ്ങളും അതിന്റെ പരിണിതഫലങ്ങളും വിശദീകരിക്കുക.

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

27. ഇന്ത്യാ വിഭജന പ്രക്രിയയിൽ നേരിട്ടിട്ടുള്ള വിഷമതകളും അതിന്റെ പ്രത്യാഘാതങ്ങളെകുറിച്ചും വിവരിക്കുക.

28. 1975-ൽ ദേശീയ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാനുള്ള കാരണങ്ങളെക്കുറിച്ച് വിവരിക്കുക.

29. എന്താണ് ആധിപത്യം ? അമേരിക്കൻ ആധിപത്യത്തിന്റെ മൂന്ന് തലങ്ങൾ വിശദീകരിക്കുക.

---